# ക്നാനായ വോയ്സ്

VOICE OF THE KNANAYA PEOPLE AROUND THE WORLD

www.knanayavoice.com

ESTD: 2008

1

ഏപ്രിൽ 2012

ഞായർ

ലക്കം 1 ■ പുസ്തകം 8


# സ്വയം ഭരണാവകാശം സാധ്യതകൾ

## ഡോ. സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ വിശദീകരിക്കുന്നു

മേജർ സെമിനാരി പഠനകാലം മുതൽ ക്നാനായ സമൂഹാംഗങ്ങളുമായി അടുത്തിടപെഴുകി തുടങ്ങിയെങ്കിലും കാനൻ നിയമത്തിൽ ഉപരി പഠനത്തിനായി റോമിൽ ചെന്നപ്പോൾ മുതലാണ് ഈ സമൂഹത്തെപ്പറ്റി കൂടുതലായി പഠിക്കാൻ അവസരമൊരുങ്ങിയത്. റോമിലെ ഹോളി ക്രോസ് യൂണിവേഴ്സിറ്റിയിൽ പൗരസ്ത്യ കാനൻ നിയമം പഠിപ്പിച്ച പ്രഫ. ഡോ. പാബ്ലോഗഫായേലാണ് ഇതിനാവശ്യമായ മാർഗ നിർദേശം നൽകിയത്. പൗരസ്ത്യ സഭകൾക്കായുള്ള കാനൻ നിയമത്തിന്റെ 27,28 കാനോനകൾ അദ്ദേഹം പഠിപ്പിച്ചപ്പോൾ അവ മനസിലക്കാൻ തുടക്കത്തിൽ ഏറെ പാടുപെടേണ്ടി വന്നു. സ്വയാധികര സഭകളെയും (chruch sui iuris) റീത്തുകളെയും ( rite) ഈ കാനോനകൾ നിർവചിക്കുന്നു. ഇവ രണ്ടും പരസ്പരബന്ധിതമെങ്കിലും രണ്ടും ഒന്നല്ല എന്നതാണ് ശ്രദ്ധേയം. ഈ വിഷയത്തെകുറിച്ച് കൂടുതൽ പഠിക്കാൻ ആഗ്രഹിച്ച് ഒരു പ്രബന്ധം എഴുതുന്നതിനാവശ്യമായ രൂപ രേഖ തയാറാക്കി പ്രഫസറെ സമീപിച്ചപ്പോഴാണ് ഒരു പ്രത്യേക മാർഗ നിർദേശം അദ്ദേഹം നൽകിയത്.

സ്വയാധികാര സഭകളെ കുറിച്ചും റീത്തുകളെ കുറിച്ചും പഠിക്കുമ്പോൾ കേരളീയ പശ്ചാത്തലത്തിൽ പ്രസക്തമായ ക്നാനായ സമുദായത്തെ കുറിച്ച് ഒരു പഠനം നടത്തുന്നത് നന്നായിരുക്കുമെന്ന്. ഇതിന്റെ അടിസ്ഥാനത്തിലാണ് The Ecclesiological and Canonical Concepts of church Sui Iuris and Rite Implications on Gens Suddistica എന്ന ഗവേഷണ ഗ്രന്ഥം തയാറാക്കിയത്.

Gens suddistica എന്നത് പേപ്പൽ ബുളായിൽ ക്നാനായക്കാർക്കു വേണ്ടി ഉപയോഗിച്ചിരിക്കുന്ന ലത്തീൻ വാക്കാണ്. Southist people അഥവാ തെക്കും ഭാഗക്കാർ എന്നത് അർഥം.

ഏ.ഡി.345 ൽ ക്നാനായ കുടിയേറ്റം നടന്നതായിട്ടാണ് പൊതുവിൽ കാണപ്പെടുന്നത്. അന്നു മുതൽ ഇന്നു വരെ ഭാരതത്തിൽ നിലവിലുണ്ടായിരുന്ന മാർത്തോമ്മ ക്രിസ്ത്യാനികളുമായി ഇടകലർന്ന് ഒരുമയിൽ കഴിയുന്ന ഒരു സമൂഹമാണിത്. എങ്കിലും കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽ രണ്ടു സമൂഹങ്ങളും തമ്മിൽ ഉണ്ടായ ചില പ്രശ്നങ്ങൾ രൂക്ഷമായതോടെയാണ് ഭരണ സംവിധാനങ്ങളിൽ വ്യത്യാസങ്ങളുണ്ടായത്. 1911 ൽ in universi christani എന്ന ബുളാ വഴി പത്താം പീയൂസ് മാർപാപ്പ ക്നാനായ സമൂഹത്തിനു വേണ്ടി മാത്രമായി കോട്ടയം വികാരിയാത്ത് സ്ഥാപിച്ച് ഭരണ സ്വാതന്ത്ര്യം അനുവദിച്ചു. തുടർന്ന് 1923ൽ romani pontifices എന്ന അപ്പസ്തോ



ലിക കോൺസ്റ്റിറ്റ്യൂഷൻ വഴി സീറോ മലബാർ ഹയരാർക്കി സ്ഥാപിക്കപ്പെട്ടപ്പോൾ കോട്ടയം വികാരിയത്തിനെ ക്നാനായക്കാർക്കു വേണ്ടിയുള്ള രൂപതയാക്കി ഉയർത്തി. 1955ൽ സീറോ മലബാർ സഭക്ക് അധികരമുള്ള സ്ഥലങ്ങളിലേക്ക് ഈ രൂപതയുടെ അധികര പരിധി വിസ്തൃതമാക്കി. 2005-ൽ അതി രൂപതയായി ഉയർത്തപ്പെട്ടു. ക്നാനായ സമൂഹാംഗങ്ങൾ ലോകത്ത് എവിടയായാലും ശക്തമായ ഒരു we feeling ഉള്ളവരാണ്. ഈ സമൂഹത്തിന് മാത്രമായി നിലവിൽ ഹയരാർക്കിൽ സംവിധാനം ഉണ്ടുതാനും.

സ്വയാധികാര സഭ: പൗരസ്ത്യ കാനൻ നിയമം 27-ാം കാനോന താഴെ പറയും പ്രകാരമാണ്: 'നിയമാനുസൃതം ഒരു ഹയരാർക്കിയാൽ കൂട്ടി യോജിപ്പിക്കപ്പെട്ടതും സ്വായാധികാരമുള്ളതാണന്ന് പ്രത്യക്ഷമായോ പരോക്ഷമായോ സഭയുടെ പരമാധികാരത്താൽ അംഗീകരിക്കപ്പെട്ടതുമായ ക്രൈസ്തവ വിശ്വാസികളുടെ ഒരു സമൂഹത്തെ ഈ നിയമ സംഹിതയിൽ സ്വയാധികാര സഭ എന്നു വിളിക്കുന്നു.'

മൂന്ന് ഘടകങ്ങളാണ് കനോനയിൽ കാണപ്പെടുന്നത്. ഒന്ന്. വിശ്വാസികളുടെ സമൂഹം, രണ്ട്. നിയമാനുസൃത ഹയരാർക്കി, മൂന്ന് സഭാ പരമാധികാരിയുടെ അംഗീകരം. ഈ നിയമമനുസരിച്ച് ക്നാനായ സമൂഹത്തിന് സ്വയം ഭരണവകാശ സ്വാതന്ത്ര്യം നൽകാമെന്നും അതു പാടില്ല എന്നും രണ്ട് വാദമുഖങ്ങളുണ്ട്.

പൗരസ്ത്യ കാനൻ നിയമ സംഹിത 55 മുതൽ 176 വരെ വിഭാവനം ചെയ്യുന്ന കാനോനകളിൽ 4 വിധത്തിലുള്ള ഹയരാർക്കിൽ ഘടനകളെ കുറിച്ച് പറയുന്നുണ്ട്.

1) പാത്രിയാർക്കൽ സഭകൾ, 2) മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകൾ, 3) മെത്രാപ്പാലിത്തൻ സഭകൾ, 4) മറ്റ് സ്വയാധികര സഭകൾ (other hruches sui iuris).

നാലാം ഗണത്തിൽപ്പെടുന്ന സഭകളെ അപ്രകാരം പരിഗണിക്കാൻ വിശ്വാസികളുടെ എണ്ണത്തിലുള്ള കുറവോ അതു പോലുള്ള മറ്റു പരിമിതികളോ ആണ്. ഒന്നോ അതിലധികമോ രൂപതകളോ എക്സാർക്കികളോ അതു പോലുള്ള സംവിധാനങ്ങളോ മതിയാകും ഈ ഗണം സഭകളിൽ.

ഇങ്ങനെ നിയമ സംവിധാനം നിലവിലുള്ളപ്പോൾ ക്നാനായ സമൂഹത്തെ ഈ നാലാം ഗണ ഹയരാർക്കിക്കൽ ഘടനക്കനുസൃതമായി സംവിധാനം ചെയ്ത് അവയുടെ പ്രത്യേകതകൾക്കനുസരിച്ച് അജപാലന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് സാധിക്കു

3-ാം പേജിൽ തുടർന്നു വായിക്കുക

# ക്രൈസ്തവർ ഇന്ന് ഓശാന ഞായർ ആചരിക്കുന്നു



# കുറുമുള്ളൂർ ഇടവകയിൽ നിന്നും പടുകൂറ്റൻകുരിശുമായി മലയാറ്റൂർ മലകയറി






കുറുമുള്ളൂർ: നാൽപ്പതാം വെള്ളിയാഴ്ചയായ മാർച്ച് 30-ാം തീയതി കുറുമുള്ളൂർ സെന്റ് സ്റ്റീഫൻ പള്ളി ഇടവകാംഗങ്ങൾ വികാരി ഫാ. തോമസ് പ്രാലേലിന്റെ നേതൃത്വത്തിൽ, ആഞ്ഞിലിത്തടിയിൽ തീർത്ത പടുകൂറ്റൻ മരക്കുരിശും ചുമന്ന് മലയാറ്റൂർ മലമുകളിലേക്ക് തീർത്ഥയാത്ര നടത്തി. ഈശോയുടെ പീഢാസഹനങ്ങളെ ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ട് ഇടവകാംഗങ്ങൾ എല്ലാവരുംതന്നെ ഈ തീർത്ഥയാത്രയിൽ പങ്കെടുത്തു. ഇരുപത്തഞ്ചടി നീളത്തിലും എണ്ണൂറ് കിലോഗ്രാം ഭാരത്തിലും ഭംഗിയായി രൂപകൽപന ചെയ്ത ഈ വൻകുരിശ് പള്ളിക്ക് സംഭാവനയായി കൊടുത്തത് പാറേൽ കുടുംബമാണ്.

ഓരോ സ്ഥലം പിന്നിടുമ്പോഴും വിശ്വാസികൾ ഈശോയുടെ സഹനത്തെ കൂടുതൽ അറിയുകയും നാഥനോടുള്ള സ്നേഹം ശക്തിയായി സംഭരിച്ച് 'പൊന്നിൻ കുരിശ് മുത്തപ്പോ പൊൻമലകേറ്റം' എന്ന ശരണംവിളിയുമായി മലകയറ്റം ഊർജ്ജസ്വലമാക്കുകയും ചെയ്തു. ഈ നാൽപതാം വെള്ളിയാഴ്ച മലയാറ്റൂർ പള്ളിയിൽ എത്തിയ ഏറ്റവും വലിയ കുരിശും ഇതായിരുന്നുവെന്ന് അവിടുത്തെ വികാരിയച്ചൻമാരും ബ്രദേഴ്സും അഭിപ്രായപ്പെട്ടു.

# അതിരൂപതാ വൈസ് ഡയറക്ടേഴ്സ് മീറ്റ് ഏപ്രിൽ 25-ന്

കോട്ടയം : ചെറുപുഷ്പ മിഷൻ ലീഗ് കോട്ടയം അതിരൂപതയിലെ ശാഖാ, മേഖലാ വൈസ് ഡയറക്ടർമാരുടെ സമ്മേളനം ഏപ്രിൽ 25-ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 9.30-ന് വി. കുർബാനയോടുകൂടി ആരംഭിക്കും. അടുത്ത പ്രവർത്തനവർഷത്തിൽ അതിരൂപതാ മേഖല ശാഖാതലങ്ങളിൽ നടത്തേണ്ട മിഷൻലീഗ് പ്രവർത്തനങ്ങളെപ്പറ്റി യോഗത്തിൽ ചർച്ച ചെയ്യും. അതിരൂപതാ ഡയറക്ടർ ഫാ. ജോബി പൂച്ചുകണ്ടം, വൈസ് ഡയറക്ടർ സിസ്റ്റർ ഷൈനി എസ്.വി.എം., അതിരൂപതാ പ്രസിഡന്റ് സിജോയ് പറപ്പള്ളി, ജന: സെക്രട്ടറി അജീഷ് കൊണ്ടാടുംപടവിൽ, ജനറൽ ഓർഗനൈസർ സിജിൻ ഒഴുകയിൽ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകും.

# കെ.സി.സി. തിരുവനന്തപുരം യൂണിറ്റ് പ്രസിഡന്റിന് യാത്രയയപ്പ് നൽകി

തിരുവനന്തപുരം: കെ.സി.സി. പ്രസിഡന്റായി പത്തു വർഷക്കാലത്തെ സേവനത്തിനു ശേഷം അമേരിക്കയിലേക്കു പോകുന്ന കുരിയാക്കോസ് ചിറയിൽമ്യാലിന് ഇടവക യൂണിറ്റ് ഫെബ്രുവരി 26 ഞായറാഴ്ച ദേവാലയാങ്കണത്തിൽ വച്ച് സമുചിതമായ യാത്രയയപ്പ് നൽകി. ഈ നീണ്ട കാലയളവിൽ കുറിയാക്കോസ് സ്തുത്യർഹമായ നിരവധി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിട്ടുണ്ട്. വൈദിക വിദ്യാർത്ഥി ഫണ്ട് ശേഖരണം, വീട് പണിയുന്നതിനും വാങ്ങുന്നതിനുമുള്ള സഹായം, ദമ്പതീ സംഗമങ്ങൾ, ചർച്ചാ ക്ലാസുകൾ തുടങ്ങിയവ ഈ കാലയളവിൽ ഭംഗിയായി നടത്തുകയും ചെയ്ത കുറിയാക്കോസിന്റെ അസാന്നിദ്ധ്യം സംഘടനക്ക് നഷ്ടമാണെങ്കിലും ഭാവി ജീവിതം കുറേക്കൂടി മെച്ചമാക്കുവാൻ അമേരിക്കയിലേക്ക് പോകുന്ന കുറിയാക്കോസിന് യൂണിറ്റ് പ്രസിഡന്റ് ഏബ്രഹാം നടുവത്ര, സെക്രട്ടറി ഡോ. ബിജി ജെയിംസ്, വികാരി ഫാ.ജോസ് ആദോപ്പിള്ളിൽ, ബേബി ജോൺ മംഗലത്തേട്ട് എന്നിവർ ആശംസകൾ നേർന്നു.

## ക്നാനായ സ്വയാധികാരസഭ; കെ.സി.സി. സെമിനാർ നടത്തുന്നു

കോട്ടയം: ക്നാനായ കത്തോലിക്ക കോൺഗ്രസ് അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ അതിരൂപത പ്രതിനിധി സമ്മേളനവും, ഇ.ജെ. ലൂക്കോസ് അനുസ്മരണവും, സ്വയാധികാര സഭയെക്കുറിച്ചുള്ള സെമിനാറും സംഘടിപ്പിക്കുന്നു. ഏപ്രിൽ ഒന്ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടരക്ക് ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടക്കുന്ന സെമിനാർ റവ. ഡോ. സെബാസ്റ്റ്യൻ വാണിയംപുരക്കൽ നയിക്കും. കോട്ടയം അതിരൂപതയുടെ സ്വയംഭരണാധികാര സാധ്യതകളെപ്പറ്റി പഠനം നടത്തി അതിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ള ഡോ. സെബാസ്റ്റ്യൻ വാണിയംപുരക്കൽ കാഞ്ഞിരപ്പള്ളി രൂപതാംഗമാണ്. കെ.സി.സി. പ്രസിഡന്റ് പ്രൊഫ. ജോയി മുപ്രാപ്പള്ളിൽ ഉദ്ഘാടനം നിർവഹിക്കും. ജനറൽ സെക്രട്ടറി പ്രൊഫ. ബാബു പൂഴിക്കുന്നേൽ വിഷയാവതരണം നടത്തും. ഇ.ജെ. ലൂക്കോസ് അനുസ്മരണ സമ്മേളനം ഷെവ. ജോയി ജോസഫ് കൊടിയന്തറ ഉദ്ഘാടനം ചെയ്യും. കെ.സി.സി. പ്രസിഡന്റ് പ്രൊഫ. ജോയി മുപ്രാപ്പള്ളിൽ അധ്യക്ഷത വഹിക്കും. അനുസ്മരണ സമ്മേളനത്തിനുശേഷം പ്രതിനിധി സമ്മേളനം ചേരുന്നതാണ്.

## ക്ഷയരോഗ ദിനാചരണം: ക്നാനായ യുവാവിനെ ആദരിച്ചു



രാജപുരം: ക്ഷയരോഗ ദിനാചരണത്തിന്റെ ഭാഗമായി പനത്തടി ടി.ബി യൂണിറ്റ് അംഗമായ ഷാജി ജോസഫിനെ ആദരിച്ചു. ക്ഷയരോഗ നിർമ്മാർജന പദ്ധതിയിൽ സീനിയർ ട്രീട്മെന്റ് സൂപ്പർവൈസർ ജീവനക്കാരനായ ഷാജി പനത്തടി യൂണിറ്റിന്റെ കീഴിലുള്ള എല്ലാ ക്ഷയരോഗ ബാധിതരെയും എച്ച്.ഐ.വി. ടെസ്റ്റിനു വിധേയമാക്കിയതാണ് ഷാജിയുടെ നേട്ടം. ക്ഷയരോഗ നിർമ്മാർജനത്തിൽ പൂർണമായ നേട്ടം കാസറഗോഡ് ജില്ല കൈവരിച്ച നേട്ടത്തിൽ ഷാജിയുടെ സംഭാവന വലുതാണ്. ക്ഷയരോഗ ദിനാചരണ ജില്ലാതല ഉദ്ഘാടനം പൂടുംകല്ല് ആശുപത്രി പരിസരത്ത് പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മീനാക്ഷി ബാലകൃഷ്ണൻ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എസ്. കുര്യാക്കോസ് അധ്യക്ഷനായി.

## മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഐക്യദാർഢ്യം പ്രഖ്യാപിച്ചു

തിരുവനന്തപുരം:നമ്മുടെ കുടുംബങ്ങളെയും, സമൂഹത്തെ പൊതുവായും നശിപ്പിക്കുന്ന പ്രധാന വിപത്തായ മദ്യത്തിന്റെയും മയക്കുമരുന്നിന്റേയും സ്വാധീനത്തിൽ നിന്ന് മോചനം ലഭിക്കുവാൻ അതിരൂപതാ തലത്തിൽ ആരംഭിച്ചിരിക്കുന്ന മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ കെ.സി.സി. തിരുവനന്തപുരം യൂണിറ്റ് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

യൂണിറ്റ് പ്രസിഡന്റ് ഏബ്രഹാം നടുവത്രയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടുകയും യോഗം ഉൽക്കണ്ഠ രേഖപ്പെടുത്തുകയും ചെയ്തു.

കണ്ണമ്പുഴിൽ
ഫോട്ടോസ് & വീഡിയോസ്
ഏറ്റുമാനൂർ
Ph: 9447475735

ക്നാനായ വോയ്സ്
എല്ലാ ഞായറാഴ്ചയും നിങ്ങളുടെ ഇ-മെയലിൽ ലഭിക്കുവാൻ news@knanayavoice.com എന്ന അഡ്രസ്സിൽ എഴുതുക.
പ്രസിദ്ധീകരണ യോഗ്യമായ വാർത്തകളും വിശേഷങ്ങളും kvoicenews@gmail.com എന്ന അഡ്രസ്സിലേക്ക് അയച്ചു തരിക.

# കല്ലറ സെന്റ് തോമസ് ഹൈസ്കൂൾ 57–ാം വാർഷികം ആഘോഷിച്ചു

കടുത്തുരുത്തി: കല്ലറ സെന്റ് തോമസ് ഹൈസ്കൂളിന്റെ 57-ാമത് വാർഷികാഘോഷം 29-ാം തീയതി വ്യാഴാഴ്ച ആഘോഷിച്ചു. രാവിലെ പത്തിന് സ്കൂൾ മാനേജർ ഫാ. ജോസഫ് കീഴങ്ങാട്ട് പതാക ഉയർത്തിയതോടെ ആഘോഷങ്ങൾക്ക് തുടക്കമായി. മാനേജർ ഫാ. ജോസഫ് കീഴങ്ങാട്ട് അധ്യക്ഷതവഹിച്ച യോഗത്തിൽ വച്ച് വർഷങ്ങളായി സ്കൂളിൽ തുടർന്നു വരുന്ന സഹപാഠിക്കൊരു വീട് പദ്ധതിയുടെ തുടർ ഉദ്ഘാടനം മോൻസ് ജോസഫ് എം.എൽ.എ. നിർവ്വഹിച്ചു. ജില്ലയിലെ ആദ്യ സ്കൂൾ ഡയറിക്ലബ് പ്രവർത്തനോദ്ഘാടനം കെ.അജിത് എം.എൽ.എ. നിർവ്വഹിച്ചു. കലാസന്ധ്യയുടെ ഉദ്ഘാടനവും സമ്മാനദാനവും സിനിമാതാരം കിഷോർ നിർവ്വഹിച്ചു.

ദേശീയ തായ്ക്കോണ്ടോ വെള്ളി മെഡൽ ജേതാവ് മാർഗരറ്റ് മരിയ റെജിക്ക് സ്വീകരണം, ഭാരത് സ്കൗട്ട് ആന്റ് ഗൈഡ് പുരസ്കാരം ലഭിച്ച അംശ്യമോൾ അശോകൻ, മുൻ സംസ്ഥാന സ്കൂൾ കലാപ്രതിഭയും എംജി യൂണിവേഴ്സിറ്റി കലാപ്രതിഭയായി തുടർച്ചയായി രണ്ടാം വർഷവും തെരഞ്ഞെടുക്കപ്പെട്ട പൂർവവിദ്യാർഥി രാഹുൽ ആർ.നാഥിനും എസ്എസ്എൽസി പരീക്ഷയിൽ എല്ലാം വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർഥികൾക്കുമുള്ള സ്വീകരണവും വാർഷികാഘോഷത്തിന്റെ ഭാഗമായി നടന്നു.

പഞ്ചായത്ത് പ്രസിഡന്റ് പി. കെ. ഉത്തമൻ, ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ടോം സി. ആന്റണി, പഞ്ചായത്തംഗങ്ങളായ അനീഷ് പാലക്കമറ്റം, സജുമോൻ ജോസഫ്, ഹെഡ്മാസ്റർ എം. എൽ.ജോർജ്, പിടിഎ പ്രസിഡന്റ് കുഞ്ഞുമോൾ അശോകൻ, സിനിമോൾ ജോർജ്, ടി.ആർ. അനന്ദു, ട്രീസ സജി എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# www.kcyl.org രൂപരേഖ തയ്യാറായി




കോട്ടയം: അറുപതിലധികം രാജ്യങ്ങളിലായി ചിതറിക്കിടക്കുന്ന ക്നാനായ യുവജനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ കെ.സി.വൈ.എൽ. അതിരൂപതാ സമിതി അണിയിച്ചൊരുക്കുന്ന www.kcyl.org വെബ്സൈറ്റ് രൂപരേഖ തയ്യാറായി. വെബ്സൈറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനായി ക്നാനായ യുവജനങ്ങൾക്കിടയിൽനിന്നും പ്രഗത്ഭരെ തെരഞ്ഞെടുക്കുവാനും അഭിപ്രായങ്ങൾ സമാഹരിക്കുവാനുമായി സംഘടിപ്പിച്ച പ്രൊഫഷണൽ മീറ്റിലാണ് രൂപരേഖ തയ്യാറാക്കിയത്.

ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ചുനടന്ന പ്രൊഫഷണൽ മീറ്റ്, കെ.സി.സി. അതിരൂപതാ പ്രസിഡന്റ് പ്രൊഫ. ജോയി മുപ്രാപ്പള്ളി ഉദ്ഘാടനം ചെയ്തു. കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കി, വെറുമൊരു വെബ്സൈറ്റാക്കി മാറ്റാതെ, സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റ് രൂപപ്പെടുത്തുവാനായിട്ടുള്ള വെല്ലുവിളി ഏറ്റെടുത്ത അതിരൂപതാ സമിതി തീർച്ചയായും അഭിനന്ദനമർഹിക്കുന്നുവെന്നും കെ.സി.വൈ. എൽ. സംഘടനയെ സംബന്ധിച്ചിടത്തോളം ഇതി പുതിയൊരു നാഴികക്കല്ലായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

അതിരൂപതാ പ്രസിഡന്റ് ഷിനോയ് മഞ്ഞാങ്കൽ അദ്ധ്യക്ഷത വഹിച്ചു. സോഫ്ട് വെയർ എൻജിനീയർ കൂടിയായ മിഷൻലീഗ് അതിരൂപതാ പ്രസിഡന്റ് സിജോയ് പറപ്പള്ളിൽ, കെ.സി.വൈ.എൽ.-ന്റെ ഈ പുതു സംരഭത്തിന് ആശംസകളർപ്പിക്കുകയും, വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു.

സോഫ്ട്വെയർ അനലിസ്റ്റും മേമ്മുറി കെ.സി.വൈ.എൽ. വൈസ് പ്രസിഡന്റുമായ ജോസഫ് ചാണ്ടി കണ്ണാരത്തിലാണ് സൈറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതും രൂപരേഖ അവതരിപ്പിച്ചതും. അതിരൂപതാ ഭാരവാഹികളായ ഷിനോയ് മഞ്ഞാങ്കൽ, നിധിൻ പുല്ലുകാടൻ, ഡാരിസ് മണലേൽ, ബിനിറ്റ് തെരുവേൽ, ആഷ്ലി അഴകുളം, ഫാ. ജിനു കാവിൽ, ഡോ. ഫ്രാൻസിസ് സിറിയക് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. സൈറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി ഷിനോയ് മഞ്ഞാങ്കൽ, ജോസഫ് കണ്ണാരത്തിൽ, സിജോയ് പറപ്പള്ളിൽ, നിധിൻ പുല്ലുകാടൻ, അജിൻ കൊല്ലറേത്ത്, ജിബിൻ വഞ്ചിയിൽ എന്നിവരുൾപ്പെട്ട സമിതിക്ക് രൂപം നൽകി. സൈറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ www.kcyl.org സന്ദർശിക്കുക.

## ഈ ആഴ്ചയിലെ കാർട്ടൂൺ



# സ്വയം ഭരണാവകാശം സാധ്യതകൾ

1-ാം പേജിൽ നിന്നും തുടർച്ച

മെന്ന് തോന്നുന്നു.

റീത്ത്: ഈ സന്ദർഭത്തിൽ ചോദിക്കപ്പെടുന്ന ചോദ്യമാണ് ക്നാനായ സമൂഹത്തിന് സ്വയാധികര പദവി നൽകപ്പെടാൻ ഇതിന് സ്വന്തമായി റീത്ത് ഉണ്ടോ എന്ന്. എന്നാൽ റീത്തിനെ 28-ാം കാനോന ഒന്നാം ഖണ്ഡിക നിർവചിക്കുന്നത് താഴെപ്പറയും പ്രകാരമാണ്. 'ആരാധനക്രമം, ദൈവശാസ്ത്രം, അദ്ധ്യാത്മികത, ശിക്ഷണക്രമം ഇവയിലൂടെ രൂപികൃതയമായിട്ടുള്ളതും ജനപദങ്ങളുടെ ചരിത്രപരമായ സാഹചര്യങ്ങളാലും സംസ്കാരത്താലും വ്യതിരിക്തമാക്കപ്പെട്ടിട്ടുള്ളതും ഓരോ സ്വയാധികാര സഭയും തങ്ങളുടേതായ രീതിയിൽ വിശ്വാസത്തിൽ ജീവിച്ചുകൊണ്ട് വെളിവാക്കുന്ന പൈതൃകമാണ് റീത്ത്'.

റീത്ത് എന്ന് നാം വിളിക്കുന്നത് ഒരു പൈതൃകത്തെയാണ്. ഏതെങ്കിലും ഒരു പ്രത്യേക ഘടകത്തെ അല്ല. ആരാധനക്രമം, ദൈവശാസ്ത്രം, ആധ്യാത്മികത, ശിക്ഷണക്രമം എന്നിവ പൊതുവായി പല സ്വയാധികാര സഭകൾക്കുമുണ്ടാകാം.

ഉദാഹരണമായി യുക്രേനിയൻ സഭയിൽ നിന്ന് സ്വതന്ത്രമായ വ്യക്തിത്വത്തോടെ സ്വയാധികാര സഭയായി മാറിയ റുത്തേനിയൻ ഗ്രീക്ക് കത്തോലിക്ക സഭക്ക് ഇതിനു മുമ്പ് അവർ അംഗങ്ങളായിരുന്ന യുക്രേനിയൻ സഭയിൽ നിന്ന് തികച്ചും വ്യത്യസ്തമായ ആരാധനക്രമോ, ദൈവശാസ്ത്രമമോ, ആദ്ധ്യാത്മികതയോ, ശിക്ഷണക്രമമോ ഉണ്ടെന്ന് പറയാനാവില്ല. എന്നാൽ ഒരു ജനത എന്ന നിലയിൽ അവർ വ്യത്യസ്തരാണ്. സംസ്കാരം, പ്രത്യേക ചരിത്രസാഹചര്യങ്ങൾ എന്നിവ ഓരോ ജനതക്കും വ്യത്യസ്തമാണ്. ഈ രണ്ടു ഘടകങ്ങൾ അവരെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാക്കുന്നു. ഓരോ സ്വയാധികാര സഭയിലും ഈശോയിലുള്ള വിശ്വാസം പ്രായോഗികമായി ജീവിക്കുന്ന ഒരു രീതിയുണ്ടാകും. അതു പ്രകടമാകുന്നത് റീത്തിലാണ്.

ഇനി മറ്റൊരു പ്രത്യേകത എന്തെന്നാൽ ക്നാനായ സമൂഹത്തിൽ ഇപ്പോൾ തന്നെ രണ്ട് റീത്തുകൾ പ്രചാരത്തിലുണ്ട്. സീറോമലബാറും സീറോ മലങ്കരയും. സ്വയാധികാര സംവിധാനത്തെകുറിച്ച് ചിന്തിക്കുമ്പോൾ ഇതിനെല്ലാം പരിഹാരം കാണേണ്ടതായിട്ടുണ്ട്. ഇതിലുപരിയായി ഈ സമൂഹത്തെ കുറിച്ച് ആക്ഷേപം ഉന്നയിക്കുന്നവർ പറയുന്നത് ഇതൊരു ജാതി സമൂഹമാണ് എന്നത്രെ. കൂടാതെ മാമ്മോദീസ സ്വീകരിച്ച് പുറംജാതികളായ ആർക്കും ഈ സമൂഹത്തിൽ അംഗമാകാൻ കഴിയാത്തതിനാൽ ഇവർക്ക് പ്രേക്ഷിതാഭിമുഖ്യം കുറവാണെന്നതും മറ്റൊരു ആരോപണമാണ്. ക്നാനായക്കാർ സ്വന്തം സമുദായക്കാരെ മാത്രം വിവാഹം ചെയ്ത് വംശ പരമ്പര നിലനിർത്തുന്ന ഒരു പാരമ്പര്യമുണ്ട്. ഇതര ക്രൈസ്തവ സമൂഹത്തിൽപ്പെട്ട ഒരാൾക്ക് ക്നാനായ സമുദായംഗത്തെ വിവാഹം ചെയ്തുകൊണ്ട് ഈ സമുദായാംഗമാകാൻ സാധിക്കുകയില്ല. ക്നാനായ ദമ്പതികൾക്ക് ജനിക്കുന്ന മക്കൾ മാത്രമെ ക്നാനായക്കാരായിരിക്കുകയുള്ളൂ. ഇങ്ങനെയുള്ള ആരോപണങ്ങളെല്ലാം പരിഗണനയിലെടുക്കേണ്ടതും പഠനവിഷയമാക്കേണ്ടതുമാണ്.

ആർക്കും സ്വന്തമായി ഏറ്റെടുക്കാവുന്ന ഒന്നല്ല സ്വയംഭരണാവകാശം. തിരുസഭയുടെ പരമാധികാരിയുടെ അംഗീകരം ഇതിനാവശ്യമാണ്. കാലാകാലങ്ങളിൽ നിയമങ്ങളിലും സംവിധാനങ്ങളിലും വ്യത്യാസങ്ങൾ വരിക സ്വാഭാവികമാണല്ലാ. ഒരു പക്ഷേ നിയമാനുസൃതമായ രീതിയിൽ ക്നാനായ സമൂഹത്തിന് ഒരു സ്വയംഭരണാവകാശം നൽകാൻ മാർപാപ്പാ തീരുമാനിച്ചാൽ അത് അർഹിക്കുന്ന ഒരു അംഗീകാരമായിരിക്കും.

എന്നാൽ 27, 28 കാനോനകളെ കുറിച്ച് പഠിക്കുന്ന ചില ദൈവശാസ്ത്രജ്ഞൻമാരും നിയമ പണ്ഡിതരും പറയുന്ന ഒരു കാര്യമാണ് ഈ കാനോനകൾക്ക് ദൈവശാസ്ത്രപരമായ കാഴ്ചപാട് കുറവാണ് എന്ന്. സ്വയംഭരണാധികാര സഭകളെ ഒരു നിയമ സംവിധാന ചട്ടക്കൂടിന്റെ മാത്രം മേഖലയിലേക്ക് തരം താഴ്ത്തുന്നു എന്നാണ് ഈ കൂട്ടരുടെ വിലയിരുത്തൽ. എന്തായാലും ഈ സമൂഹത്തെ കുറിച്ച് അറിയുകയും പഠിക്കുകയും വേണം. അർഹമായ അംഗീകാരവും ആദരവും നൽകി അജപാലന ശുശ്രൂക്ഷ നിർവഹിക്കാനുള്ള സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കേണ്ടതും ആവശ്യമാണ്.

ക്നാനായ വോയ്സ്

VOICE OF THE KNANAYA PEOPLE AROUND THE WORLD

ESTD: 2008
www.knanayavoice.com

Published by: Knanayavoice, 2634, Golf Rd.
(Golf/Washington), Glenview, IL-60025

# മതം vs രാഷ്ട്രീയം

മതനേതാക്കൾ അനാവശ്യമായി രാഷ്ട്രീയത്തിൽ ഇടപെടുന്നു എന്ന ആക്ഷേപം പിറവം തിരഞ്ഞെടുപ്പോടെ കൂടുതൽ ചർച്ചാ വിഷയമായിരിക്കുകയാണ്. രാഷ്ട്രീയക്കാർ മതത്തെ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് വലിച്ചിഴയ്ക്കുന്നു എന്നതാണ് മറുവാദം. ആരൊക്കെ എവിടെയൊക്കെ ചർച്ച ചെയ്താലും രാഷ്ട്രീയവും മതവും ഇനി പൂർണ്ണമായും ഇഴ പിരിഞ്ഞ് നിൽക്കുന്ന ഒരു കാലം ഇന്ത്യയെ സംബന്ധിച്ചിടത്തോളം അസംഭാവ്യമാണ്. പിന്നെ കഴുതകളായ പൊതുജനം ഇതൊക്കെ തിരിച്ചറിയട്ടെ എന്ന് കരുതി ചർച്ച ചെയ്യുന്നു എന്ന് മാത്രം.

വ്യക്തിയുടെ നിത്യ ജീവിതത്തിൽ ഇടപെടുന്ന സാമൂഹിക പ്രസ്ഥാനം എന്ന നിലയ്ക്ക് രാഷ്ട്രീയ പാർട്ടികളേക്കാൾ സാധാരണക്കാർക്ക് മേൽ സ്വാധീനം മതങ്ങൾക്കുണ്ട്. എന്ന തിരിച്ചറിവാണ് കാലാകാലങ്ങളായി മതങ്ങളെ പ്രീണിപ്പിച്ച് നിർത്തുവാൻ രാഷ്ട്രീയ കക്ഷികളെ പ്രേരിപ്പിക്കുന്നത്. മത വിശ്വാസം അശേഷമില്ലെന്ന് പറയുന്ന കമ്മ്യൂണിസ്റ്റ് പാർട്ടികൾ പോലും പഞ്ചായത്ത് ഇലക്ഷനിലുൾപ്പെടെ സ്ഥാനാർത്ഥികളെ നിർണ്ണയിക്കുന്നത് പ്രദേശത്തെ ജാതി സമവാക്യങ്ങൾ കണക്കിലെടുത്താണ് എന്നത് പരസ്യമായ രഹസ്യം. അതല്ലായിരുന്നെങ്കിൽ പിറവത്ത് തോൽപിച്ചത് ജാതി ശക്തികളാണെന്ന് പിണറായി പറഞ്ഞ് നാക്ക് വായിലിടും മുന്നേ അടുത്ത ഇലക്ഷൻ നടക്കുന്ന നെയ്യാറ്റിൻകരയിലെ ബിഷപ്പിനെ കാണാൻ കോടിയേരി പോകില്ലായിരുന്നല്ലോ.

ഇത്തരമൊരു സാഹചര്യത്തിൽ ആരു ജയിച്ചാലും തങ്ങളുടെ കഴിവെന്ന് തരം പോലെ പറയാൻ മടിയില്ലാത്ത വെള്ളാപ്പള്ളി നടേശന്റെ അത്രത്തോളം സാമർത്ഥ്യം ഇല്ലെങ്കിലും ക്രൈസ്തവ നേതൃത്വം ഉൾപ്പെടെ സകല വിഭാഗങ്ങളും മോശമല്ലാത്ത രീതിയിൽ ഇത്തരം അവസരങ്ങൾ വിനയോഗിക്കുന്നു. കാര്യം കാണാൻ പരസ്പരം ഉപയോഗിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രീതി നമ്മുടെ രക്തത്തിലലിഞ്ഞതാണ്. പിന്നെ ഇതിപ്പോൾ രാഷ്ട്രീയക്കാർ വലിച്ചിഴക്കുന്നതാണോ അതോ മതനേതാക്കൾ ഇടപെടുന്നതാണോ എന്ന ചോദ്യം മാവോണോ മാങ്ങാ അണ്ടിയാണോ മൂത്തത് എന്ന ചോദ്യം പോലെ ഉത്തരം കിട്ടാത്തതാണ്.

മതനേതാക്കൾ രാഷ്ട്രീയ പാർട്ടികൾ വഴിയോ, നേരിട്ടോ ഭരണത്തിലും നയ രൂപീകരണത്തിലും ഇടപെടുന്ന സാഹചര്യം ഉണ്ടായാൽ അത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ആർ.എസ്.എസ്. പിന്തുണയോടെ ബി.ജെ.പി. ഭരിച്ച ഭൂരിപക്ഷ സ്ഥലങ്ങളിലും നാം ഇത് കണ്ടതാണ്. കേരളഭരണത്തിൽ മുസ്ലീം ലീഗിന് കൂടി വരുന്ന പ്രാധാന്യം കാണുമ്പോൾ ഇതേ ഉൽഘണ്ഠ തന്നെ പലർക്കും ഉണ്ടാകുന്നുണ്ട്.

സാധാരണ ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന വിഷയങ്ങൾ ഉണ്ടായാൽ മതനേതാക്കൾ കണ്ണടച്ച് നിൽക്കണമെന്ന് പറയുന്നില്ല. പക്ഷെ മതനേതാക്കളുടെ അവസരവാദപരമായ രാഷ്ട്രീയ നിലപാടുകൾ വിശ്വാസികളുടെ മേൽ അടിച്ചേൽപിക്കാൻ ഒരിക്കലും ശ്രമിക്കരുത്. മത വിശ്വാസവും രാഷ്ട്രീയവും അതാതിന്റെ വഴിക്ക് ആരോഗ്യപരമായ അകലം സൂക്ഷിച്ച് പോകുന്നതായിരിക്കും ഇരു കൂട്ടർക്കും നല്ലത്.

പത്രാധിപസമിതിക്കു വേണ്ടി, ലിൻസൻ കൈതമല

# കെ.സി.വൈ.എൽ ഡൽഹി റീജിയൻ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു



ജിനു ജോൺ



മെറിൻ

ഡൽഹി: കെ.സി.വൈ.എൽ ഡൽഹി റീജിയന്റെ പുതിയ പ്രസിഡന്റായി കൂടല്ലൂർ ഇടവക ജിനു ജോൺ പുന്നശേരിലും വൈസ് പ്രസിഡന്റായി ഇരവിമംഗലം ഇടവക മെറിൻ ബേബി വലിയവെളിച്ചത്തും തെരഞ്ഞെടുക്കപ്പെട്ടു.

പ്രസിഡന്റ് ജോഷി പടവെട്ടും കാലായിലും വൈസ് പ്രസിഡൻറ് അനു പാടികുന്നേലും തൽസ്ഥാനങ്ങളിൽനിന്നും മാറിയതിനെ തുടർന്നാണ് പുതിയ തെരഞ്ഞെടുപ്പ് നടന്നത്. നിർമൽ ജ്യോതി ഭവനിൽ നടന്ന യോഗത്തിൽ ഫാ. ബിനോയി നാരമംഗലം, സിസ്റ്റർ അനറ്റ്സി, ഫിലിപ്പ് പാലക്കൽ എന്നിവർ സംബന്ധിച്ചു. ജനറൽ സെക്രട്ടറി മജീഷ് കീഴേടത്തുമലയിൽ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി. യോഗത്തിൽ 25 ഓളം അംഗങ്ങൾ പങ്കെടുത്തു. ടിമി തോമസ് സ്വാഗതവും ബിനു ബേബി നന്ദിയും പറഞ്ഞു.

## രാജപുരം ഫൊറോനയിലെ മതബോധന അദ്ധ്യാപകർക്ക് ഏകദിന ക്ലാസ്സ് നടത്തി



രാജപുരം ഫൊറോനയിലെ മതബോധന അദ്ധ്യാപകർക്ക് ഏകദിന ക്ലാസ്സ് നടത്തി. ഏപ്രിൽ മാസത്തിൽ നടക്കുന്ന വിശ്വസ വിരുന്നിനോടനുബന്ധിച്ച് കണ്ണൂർ കാറ്റേചിസം സെന്ററിൽ നിന്നും ബിജോ കൊച്ചതംപളിൽ, പ്രശാന്ത് സർ, സിസ്റ്റർ പ്രിയ എസ്.ജെ.സി. എന്നിവർ ക്ലാസ്സ് എടുത്തു. ഫൊറോനയിലെ എല്ലാ ഇടവകയിൽ നിന്നും അധ്യാപകർ പ്രസ്തുത ക്ലാസ്സിൽ പങ്കെടുത്തു

## പ്രസംഗ മത്സരവിജയികൾ

മറ്റക്കര: ക്നാനായ കത്തോലിക്കാ കോൺഗ്രസ് മണ്ണൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'ക്രൈസ്തവ കുടുംബത്തിൽ മാതാപിതാക്കളുടെയും, കുട്ടികളുടെയും പങ്ക്' എന്ന വിഷയത്തെ ആസ്പദമാക്കി എൽ. പി., യു. പി. ഹൈസ്കൂൾ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് നടത്തിയ 'സി.റ്റി. ജോസഫ് ചിറപ്പുറത്ത് മെമ്മോറിയൽ' പ്രസംഗ മത്സരത്തിൽ വിജയികളായ മെറിൻ ജോൺ ഉള്ളാട്ടിൽ, എൽ. പി. വിഭാഗം, ജെനീന ജോയി ചിറപ്പുറം, മെൽബിൻ മാത്യു വെള്ളക്കട, ജിസ്മി മരിയാ തടത്തിൽ, യു. പി. വിഭാഗം മീനു മാത്യു വെള്ളക്കട, ശില്പാസ് മറിയാ കളരിക്കൽ, മരിയാ ജോസഫ് കൊന്നക്കൽ ഹൈസ്കൂൾ വിഭാഗം, മിഷാൽ മാത്യു വെള്ളക്കട, ബിനു തോമസ് പുല്ലുവേലിൽ, പ്ലസ് ടു വിഭാഗം എന്നിവർക്ക് കെ.സി.സി. ഫൊറോന പ്രസിഡന്റ് പി. റ്റി. ജോസഫ് പറത്തേൽ ക്യാഷ് അവാർഡുകൾ സമ്മാനിച്ചു. ഫാ. തോമസ് താഴത്തുവെട്ടത്ത്, ജോസ് പാടികുന്നേൽ, ജോയി കൊന്നക്കൽ, സണ്ണി മറ്റക്കര എന്നിവർ സന്നിഹിതരായിരുന്നു.

# സാൻ അന്റോണിയോയിൽ ചർച്ച് ഔട്ട് റീച്ച് പ്രോഗ്രാം നടത്തി



സാൻ അന്റണിയോ: ക്രൈസ്തവ കൂട്ടായ്മ വളർത്തുന്നതിനും ബൈബിൾ ചിന്തകളും സന്ദേശങ്ങളും പ്രചരിപ്പിക്കുന്നതിനുമായുള്ള ചർച്ച് ഔട്ട് റീച്ച് പ്രോഗ്രാമിന്റെ ഭാഗമായി സാൻ അന്റോണിയോ ക്നാനായ പള്ളിയിലെ ഇടവകാംഗങ്ങൾ ഫാ. സിജു മുടക്കോടിയുടെ നേതൃത്വത്തിൽ സെന്റ് ജോർജ്ജ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളി സന്ദർശിച്ചു. ഓർത്തഡോക്സ് പള്ളി വികാരി ഫാ. മാത്യു ജോർജ്ജിന്റെ നേതൃത്വത്തിൽ സന്ദർശകർക്ക് പള്ളിയങ്കണത്തിൽ ആവേശഭരിതമായ സ്വീകരണം നൽകി.

തുടർന്ന് നടന്ന സൗഹൃദ യോഗത്തിൽ ഫാ. റെജി മാത്യു, ഫാ. മാത്യു ജോർജ്ജ്, ഫാ. സിജു മുടക്കോടിൽ എന്നിവർ സൗഹൃദകൂട്ടായ്മയുടെ ഇന്നത്തെ പ്രസക്തിയെക്കുറിച്ച് സംസാരിച്ചു. ഓർത്തഡോക്സ് ഇടവകാംഗങ്ങൾ സംഘടിപ്പിച്ച സൗഹൃദകൂട്ടായ്മക്കും സ്നേഹവിരുന്നിനും ഫാ. സിജു മുടക്കോടിൽ നന്ദിയർപ്പിച്ചു.

# സാൻഹൊസെ ക്നാനായ ദേവാലയം കൂദാശ ചെയ്തു



കാലിഫോർണിയ: സാൻഹൊസെ സെന്റ് മേരീസ് ക്നാനായ ദേവാലയ കൂദാശയും ഇടവക പ്രഖ്യാപനവും ചിക്കാഗോ രൂപതാ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് നിർവഹിച്ചു. കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ ആഘോഷമായ വിശുദ്ധ കുർബാനയിൽ മുഖ്യകാർമികനായി. താലപൊലിയുടെയും ചെണ്ട മേളത്തിന്റെയും മുത്തു കുടകളുടെയും അകമ്പടിയോടെ പിതാക്കൻമാരെ ദോവലയത്തിലേക്ക് ആനയിച്ചു.

കുർബാന മധ്യേ മാർ അങ്ങാടിയത്ത് ഇടവക പ്രഖ്യാപനം നടത്തി. ഫാ.സ്റ്റാൻലി ഇടത്തിപറമ്പലിനെ പ്രഥമ വികാരിയായി നിയമിച്ചു.

പൊതുസമ്മേളനം മാർ ജോസഫ് പണ്ടാരശേരിൽ ഉദ്ഘാടനം ചെയ്തു. മാർ ജേക്കബ് അങ്ങാടിയത്ത്, വികാരി ജനറാൾ മോൺ.ഏബ്രാഹം മുത്തോലത്ത്, സാൻഹൊസെ ക്നാനായ മിഷൻ പ്രഥമ ഡയറക്ടർ ഫാ. ഡൊമനിക്ക് മഠത്തികുളത്തിൽ, ക്നാനായ അസോസിയേഷൻ



സാൻഹൊസെ സെന്റ് മേരീസ് ക്നാനായ ദേവാലയത്തിന്റെ കൂദാശാ കർമത്തിന് എത്തിയ മാർ ജേക്കബ് അങ്ങാടിയത്ത്, മാർ ജോസഫ് പണ്ടാരശേരിൽ എന്നിവരെ സ്വീകരിച്ച് ആനയിക്കുന്നു.

പ്രസിഡന്റ് ജിപ്സൺ പുറയംപള്ളിൽ, സിറ്റി കൗൺസിൽ മാൻ ആഷ് കാല്റ, സാന്റ കാല്റ, കൗണ്ടി സൂപ്പർ വൈസർ ഡേവിഡ് കോർട്ടി എന്നിവർ ആശംസകൾ നേർന്നു. മദ്ബഹയുടെ നിർമാണ ജോലികൾ ഭംഗിയായി നിർവഹിച്ച സിനോയി ജോസഫിന് ഉപഹാരം നൽകി. വികാരി ഫാ.സ്റ്റാൻലി ഇടത്തിപറമ്പിൽ സ്വാഗതവും ട്രസ്റ്റി ജാക്സൺ പുറയംപള്ളി നന്ദിയും പറഞ്ഞു. അമേരിക്കൻ ക്നാനായ മിഷനിലെ നിരവധി വൈദികർ തിരുകർമ്മങ്ങളിൽ സംബന്ധിച്ചു. മധുരപലഹാര വിതരണവും നടത്തി.

# ക്നാനായ യാക്കോബായ കൺവെൻഷൻ ന്യൂയോർക്കിൽ

ന്യൂയോർക്ക്: നോർത്ത് അമേരിക്കയിലേയും കാനഡയിലേയും ക്നായായ യാക്കോബായ വിശ്വാസികൾ പാരമ്പര്യ സ്മരണകൾ പുതുക്കിക്കൊണ്ട് ജൂലൈ 19 മുതൽ 22 വരെ ന്യൂയോർക്കിലെ ഹഡ്സൺ വാലി റിസോർട്ടിൽ ഒത്തുചേരും.

ഈ കുടുംബമേള വൻ വിജയമാക്കുന്നതിനുവേണ്ടി ക്നാനായ അസോസിയേഷൻ പ്രസി. റവ. ഫാ. സി.എം. പുന്നൂസ് ചാലുവേലിൽ, വൈ.പ്രസി. റവ. ഫാ. മർക്കോസ് ചാലുപറമ്പിൽ, എൻ.എ.കെ.സി സെക്രട്ടറി ടി.എം. മാത്യു പാറക്കാമണ്ണിൽ, ട്രഷറർ എബി ഏബ്രഹാം വാഴയിൽ, ജോ.സെക്രട്ടറി തോമസ് ജോസഫ് ചരിവുപറമ്പിൽ, കമ്മിറ്റി അംഗങ്ങളായ സാജൻ ഇടിക്കുള പുന്നാറ്റുശേരിൽ, തോമസ് ഏബ്രഹാം ചിറയിൽപറമ്പിൽ, പ്രസാദ് ഏബ്രഹാം പാറയിൽ, ജയിംസ് അന്ത്രയോസ് പന്ത്രണ്ടാകുഴിയിൽ തുടങ്ങിയ സ്റ്റിയറിംഗ് കമ്മറ്റിയോടൊപ്പം വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ച് വിപുലമായ പ്രവർത്തനങ്ങൾ ആരംഭിച്ചതായി കൺവെൻഷൻ ചെയർമാൻ സ്റ്റാൻലി കളരിക്കമുറി അറിയിച്ചു.

ജൂലൈ 19ന് വ്യാഴാഴ്ച വൈകിട്ട് സന്ധ്യാ പ്രാർത്ഥനക്കുശേഷം പതാക ഉയർത്തലോടുകൂടി പ്രോഗ്രാമുകൾ ആരംഭിക്കും. ക്നാനായ തനിമ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം രണ്ടാം തലമുറയിലേക്ക് എത്തിക്കുവാൻ ഉതകുന്ന വിധത്തിലുള്ള പ്രോഗ്രാമുകളാണ് കൺവെൻഷന് തയാറാക്കിയിരിക്കുന്നത്. 20ന് (വെള്ളി) രാവിലെ ഒൻപതു മുതൽ വൈകിട്ട് നാലുവരെ കുട്ടികൾക്കായുള്ള കലാമത്സരങ്ങൾ നടക്കും. തുടർന്ന് എല്ലാ കുടുംബങ്ങളും പങ്കെടുക്കുന്ന ക്നാനായ പാരമ്പര്യ ഘോഷയാത്രയും, അഭി. മെത്രാപ്പോലീത്തമാർ, സാമുദായിക, സാമൂഹിക, രാഷ്ട്രീയ നേതാക്കൾ എന്നിവർ പങ്കെടുക്കുന്ന ഉദ്ഘാടന സമ്മേളനം നടക്കും. 21ന് കായിക മത്സരങ്ങൾ നടക്കും. ക്നാനായ യുവജനങ്ങൾ നടത്തുന്ന ബ്യൂട്ടി പേജന്റും, കലാസന്ധ്യയും മേളക്ക് മാറ്റുകൂട്ടും. 22ന് (ഞായർ) രാവിലെ മെത്രാപ്പോലീത്തമാരുടെ കാർമികത്വത്തിൽ ദിവ്യബലി അർപ്പിക്കും. അതിനുശേഷം നടക്കുന്ന സമാപന സമ്മേളനത്തോടും സ്നേഹവിരുന്നോടും കൂടി പരിപാടികൾ സമാപിക്കും.

നോർത്ത് അമേരിക്കയിലേയും കാഡയിലേയും എല്ലാ കുടുംബങ്ങളും ഒത്തുചേരലിൽ പങ്കെടുക്കണമെന്ന് ഭാരവാഹികൾ അഭ്യർഥിച്ചു.

# ചിക്കാഗോ സെന്റ് മേരീസിലും ഹ്യൂസ്റ്റൺ സെന്റ് മേരീസിലും വി. യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചു

ചിക്കാഗോ/ഹ്യൂസ്റ്റൺ: വി. യൗസേപ്പിതാവിന്റെ മരണ തിരുനാൾ ചിക്കാഗോ മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് പള്ളിയിൽ ആഘോഷിച്ചു. തിരുകർമങ്ങൾക്ക് വികാരി ഫാ. ഏബ്രാഹം മുത്തോലത്ത് മുഖ്യ കാർമികനായിരുന്നു.

ഹ്യൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ ദേവാലയത്തിലും വി. യൗസേപ്പിതാവിന്റെ തിരുനാൾ ഭക്ത്യാദരപൂർവം ആചരിച്ചു. വിൻസെന്റ് ഡിപോൾ സൊസൈറ്റി അംഗങ്ങൾ നേതൃത്വം കൊടുത്ത കുരിശിന്റെ വഴിക്കു ശേഷം വികാരി ഫാ. ജോസ് ഇല്ലിക്കുന്നുംപുറത്തിന്റെ കാർമികത്വത്തിൽ തിരുനാൾ ബലി അർപ്പിച്ചു.

# ചിക്കാഗോ മലയാളി അസോസിയേഷൻ കലാമേള രജിസ്ട്രേഷൻ 31 വരെ

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 10–ാം തീയതി ശനിയാഴ്ച മോർട്ടൻഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ പള്ളിയുടെ ഹാളിൽവച്ച് നടത്തപ്പെടുന്ന കലാമേളയുടെ രജിസ്ട്രേഷൻ ഈ മാസം 31 ന് അവസാനിക്കുമെന്ന് പ്രസിഡന്റ് ബെന്നി വാച്ചാച്ചിറ അറിയിച്ചു. നൂറുകണക്കിന് കലാകാരൻമാരും കലാകാരികളും പങ്കെടുക്കുന്ന കലാമത്സരങ്ങൾ വിജയിപ്പിക്കുവാൻ കലാമേള ചെയർമാൻ സ്റ്റാൻലി കളരിക്കമുറി, കോ ചെയർമാൻ ജോജോ വെങ്ങാന്തറ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു. കൂടുതൽ വിവരങ്ങൾക്ക് www.cmakalamela2012.com എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

## പ്രത്യേക അറിയിപ്പ്

### ക്നാനായ വോയ്സ്.കോം – ൽ തൽസമയ സംപ്രേഷണം ബുക്ക് ചെയ്യുന്നവരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

ക്നാനായ വോയ്സ്.കോം – ൽ തൽസമയ സംപ്രേഷണം കാണിക്കാം എന്ന വ്യാജേന കേരളത്തിലെ പല വീഡിയോ ലൈബ്രററികളും സ്റ്റുഡിയോകളും നിങ്ങളെ സമീപിക്കുകയും പിന്നീട് വെബ്സൈറ്റിലെ സാങ്കേതിക കാരണങ്ങൾ നിരത്തി തങ്ങളുടെ വെബ്സൈറ്റിൽ കൂടി മാത്രമേ സംപ്രേഷണം ലഭ്യമാകുകയുള്ളൂ എന്ന് പറഞ്ഞ് നിങ്ങളെ തട്ടപ്പിന് ഇരയാക്കുന്നതായും അറിയുവാൻ സാധിച്ചു. ഇങ്ങനെ ആരെങ്കിലും നിങ്ങളെ സമീപിച്ചാൽ താഴെ കാണുന്ന ക്നാനായവോയ്സ് പ്രതിനിധികളുടെ നമ്പരിൽ വിളിച്ച് അത് യഥാർത്ഥ ആളുകളാണെന്ന് ഉറപ്പു വരുത്തുക.

ബന്ധപ്പെടേണ്ട നമ്പറുകൾ
യു.എസ്.എ: 7732342685, ഇന്ത്യ: 9447475735,
യു.കെ.: 07861739053, ഓഷ്യാന: +61422435158,
ഗൾഫ്: +971506845644

## വീടും സ്ഥലവും വില്പനയ്ക്ക്

കോട്ടയം
മുനിസിപ്പാലിറ്റിയിൽ
എസ്.എച്ച്. മൗണ്ട്
ഇടവകയിൽപ്പെട്ട എല്ലാവിധ
സൗകര്യങ്ങളോടും കൂടിയ
ഏകദേശം 22 സെന്റ്
സ്ഥലവും വീടും ഉടൻ
വില്പനയ്ക്ക്.

കൂടുതൽ വിവരങ്ങൾക്ക്
0017736201200
9142045204

3omTV
KV TV Kerala Knanaya VOICE
Asianet, KVTV and 15 other channels just for $24.99
Call KnanayaVoice team for Subscription on 773-234-2685, 847-791-1824

# ക്നാനായ കൺവെൻഷന് വിജയാശംസകൾ: മാർ അങ്ങാടിയത്ത്



കെ.സി.എസ്.എ. യുടെ കത്ത് പ്രതിനിധികൾ മാർ അങ്ങാടിയത്തിന് കൈമാറുന്നു

ചിക്കാഗോ: ജൂലൈ അവസാന വാരം ഒർലാൻഡോയിൽ നടക്കുന്ന ക്നാനായ കൺവെൻഷൻ വിജയപ്രദമാകട്ടെ എന്ന് ചിക്കാഗോ സീറോ മലബാർ രൂപതാധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത് അഭിപ്രായപ്പെട്ടു. കഴിഞ്ഞ 17-ന് താമ്പയിൽ നടന്ന കെ.സി.സി.എൻ.എ നാഷണൽ കൗൺസിൽ തീരുമാനങ്ങൾ അറിയിക്കാനെത്തിയ പ്രതിനിധികളുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൺവെൻഷന്റെ സമാപന സമ്മേളനത്തിൽ പങ്കെടുക്കുമെന്നും കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ സാന്നിധ്യം ഉറപ്പുവരുത്തുവാൻ എല്ലാ ശ്രമങ്ങളും നടത്തുമെന്നും അദ്ദേഹം പ്രതിനിധികളെ അറിയിച്ചു. സീറോ മലബാർ രൂപതയുമായി നിലനിന്നിരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഉചിതമായ തീരുമാനങ്ങൾ എടുത്തതിൽ മാർ അങ്ങാടിയത്ത് സന്തുഷ്ടി പ്രകടിപ്പിച്ചു. ക്നാനായ സമുദായത്തിന്റെ വളർച്ചക്ക് സംഘടന നൽകുന്ന സേവനങ്ങൾ നിസ്തുലമാണെന്നും അദ്ദേഹം പറഞ്ഞു.

കെ.സി.സി.എൻ.എ പ്രസിഡന്റ് ഷീൻസ് ആകാശാലയുടെ കത്ത് ചിക്കാഗോ റീജിയൻ വൈസ് പ്രസിഡന്റ് ഷിജു ചെറിയത്തിൽ പിതാവിന് കൈമാറി. കെ.സി.എസ് പ്രസിഡന്റ് സിറിയക്ക് കൂവക്കാട്ടിൽ നാഷണൽ കൗൺസിൽ തീരുമാനങ്ങൾ വിശദീകരിച്ചു. കെ.സി.എസ് വൈസ് പ്രസിഡന്റ് ബിനു പൂത്തുറയിൽ കൺവെൻഷന്റെ ഇതു വരെയുള്ള ഒരുക്കങ്ങൾ വിശദീകരിച്ചു. കെ.സി.സി.എൻ.എ ട്രഷറർ നിമി തുരുത്തുവേലിൽ, കെ.സി.സി.എൻ.എ പി.ആർ.ഒയും കെ.സി.എസ് സെക്രട്ടറിയുമായ സൈമൺ മുട്ടത്തിൽ, വിമൻസ് ഫോറം പ്രസിഡന്റ് ഗ്രേസി വാച്ചാചിറ എന്നിവർ സംബന്ധിച്ചു.

# യുകെ വാർത്ത – ഗ്ലോബൽ പ്രവാസി മലയാളി കൗൺസിൽ അവാർഡ് നിശ ഏപ്രിൽ 19 – ന് മാഞ്ചസ്റ്ററിൽ

മാഞ്ചസ്റ്റർ: യുകെ വാർത്തയും ഗ്ലോബൽ പ്രവാസി മലയാളി കൗൺസിലും സംയുക്തമായി നടത്തുന്ന അവാർഡ് നൈറ്റിന്റെ തീയതിയും മറ്റു വിശദാംശങ്ങളും തീരുമാനമായി. ഏപ്രിൽ 19-ന് മാഞ്ചസ്റ്ററിലാണ് അവാർഡ് നിശ അരങ്ങേറുക. നാട്ടിൽനിന്നും യു.കെ.യിൽനിന്നുമുള്ള മന്ത്രിമാരും സാംസ്കാരിക പ്രവർത്തകരും സഭാനേതാക്കളും ചലച്ചിത്ര താരങ്ങളും അടങ്ങുന്ന വിശിഷ്ട വ്യക്തികളുടെ സാന്നിധ്യത്തിലാകും അവാർഡ് നിശ സംഘടിപ്പിക്കുക.

മികച്ച നഴ്സ്, മികച്ച മാധ്യമ പ്രവർത്തകൻ, മികച്ച അസോസിയേഷൻ, മികച്ച കലാപ്രതിഭ, മികച്ച കായികതാരം, മികച്ച സാഹിത്യകാരൻ, മികച്ച വ്യവസായി, വിദ്യാഭ്യാസ മേഖലയിൽ ഉന്നത വിജയം നേടിയ വ്യക്തി തുടങ്ങിയ വിഭാഗങ്ങളിലാണ് അവാർഡ്. ഗ്യാലപ്പ് പോൾ വഴിയാണ് മികച്ച നഴ്സിനെയും മികച്ച വിദ്യാർഥിയേയും തിരഞ്ഞെടുക്കുക. കുടുംബാംഗങ്ങൾക്കോ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ തങ്ങളുടെ നോമിനേഷൻ നൽകാവുന്നതാണ്. ശ്രദ്ധേയമായ എന്തു നേട്ടമാണ് നോമിനേറ്റ് ചെയ്യപ്പെട്ട വ്യക്തിക്കുള്ളതെന്നും പരാമർശിക്കേണ്ടതാണ്.

മറ്റ് അവാർഡുകൾക്ക് അർഹരായവരെ വിദഗ്ധ പാനലാകും തിരഞ്ഞെടുക്കുക. യു.കെ.യിലെ മലയാളി സമൂഹം ഇന്നുവരെ കണ്ടിട്ടില്ലാത്തവിധം കലാസാംസ്കാരിക പരിപാടികൾ അവാർഡ് നിശയുടെ ഹൈലൈറ്റാകും. ജിപിഎംസിയുടെ ഉദ്ഘാടനവും പ്രഥമ അവാർഡ് നിശയും കഴിഞ്ഞ വർഷം മാഞ്ചസ്റ്ററിൽ ഗാനഗന്ധർവൻ കെ.ജെ. യേശുദാസാണ് നിർവഹിച്ചത്. മാഞ്ചസ്റ്ററിലുള്ള ഏറെക്കുറേ മുഴുവൻ മലയാളികളും സംബന്ധിച്ച ചടങ്ങായിരുന്നു. ഇക്കുറി അതിനേക്കാൾ കെങ്കേമമായി പരിപാടികൾ സംഘടിപ്പിക്കനാണ് ലക്ഷ്യമിടുന്നതെന്ന് ജിപിഎംസി ചെയർമാൻ സാബു കുര്യനും യുകെ വാർത്ത ചീഫ് എഡിറ്റർ ഷൈമോൻ തോട്ടുങ്കലും അറിയിച്ചു.

# മാഞ്ചസ്റ്റർ ക്നാനായ പള്ളിയിൽ ദു:ഖവെള്ളി, ഉയിർപ്പ് ശുശ്രൂഷകൾ ഏപ്രിൽ 6, 7 തീയതികളിൽ



മാഞ്ചസ്റ്റർ: സെന്റ് ജോർജ് ക്നാനായ ചർച്ച് മാഞ്ചസ്റ്ററിന്റെ ആഭിമുഖ്യത്തിൽ കർത്താവിന്റെ പീഡാനുഭവ ശുശ്രൂഷകളും ഉയിർപ്പിന്റെ ശുശ്രൂഷകളും ഏപ്രിൽ 6, 7 (വെള്ളി, ശനി) തീയതികളിൽ നടത്തുന്നു.

ശുശ്രൂഷകൾക്ക് റവ. ഫാ: ജേക്കബ് ചാക്കോ ഉള്ളാട്ടിൽ നേതൃത്വം നൽകും. 8.30 ന് ആരംഭിക്കുന്ന നമസ്കാരത്തോടെ ദു:ഖ വെള്ളി ശുശ്രൂഷകൾ ആരംഭിക്കും. ഏപ്രിൽ 7 ശനിയാഴ്ച 4 മണിയോടെ ഉയിർപ്പിന്റെ ശുശ്രൂഷകൾ ആരംഭിക്കും. വി. കുർബാനയും തുടർന്ന് ഈസ്റ്റർ അത്താഴത്തോടും കൂടി പരിപാടികൾ സമാപിക്കും. ദു:ഖ വെള്ളിയുടെയും, ഉയർപ്പിന്റെയും ശുശ്രൂഷകളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ എല്ലാ വിശ്വസികളെയും സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.

# ലണ്ടൻ ക്നാനായ ഇടവകയിൽ പീഡാനുഭവ വാര ശുശ്രൂഷകൾ



ലണ്ടനിലെ ക്നാനായ യാക്കോബായ ഇടവകയിലെ പീഡാനുഭവ വാര ശുശ്രൂഷകൾ ഏപ്രിൽ ഒന്നിന് ഓശാന പെരുന്നാളിനോടുകൂടി ആരംഭിക്കും. ഏപ്രിൽ 1 രാവിലെ 11.30 ന് പ്രഭാത പ്രാർത്ഥന. വി. കുർബാന, ഓശാന ശുശ്രൂഷകൾ. 6ന് രാവിലെ 9 ന് പ്രഭാത പ്രാർത്ഥന, 7 ന് വൈകിട്ട് 5.30 മുതൽ ഉയിർപ്പ് പെരുന്നാൾ ശുശ്രൂഷകൾ. ശുശ്രൂഷകൾക്ക് ഫാ. ഏലിയാസ് കുരുവിള പുതുവീട്ടിൽ വെളിയനാട് നേതൃത്വം നൽകും

# കേംബ്രിഡ്ജ് ക്നാനായ അസോ. ഈസ്റ്റർ ആഘോഷം



കേംബ്രിഡ്ജ്: ക്നാനായ കാത്തലിക് അസോസിയേഷന്റെ ഈ വർഷത്തെ ഈസ്റ്റർ ആഘോഷം ഏപ്രിൽ 15 ന് ഈസ്റ്റ് ബാൺവെൽ ഹാളിൽ ഉച്ചകഴിഞ്ഞ് മൂന്നു മണി മുതൽ രാത്രി 10 മണിവരെ അതിവിപുലമായി ആഘോഷിക്കുന്നതാണ്. ലേവി പടപുരക്കലിന്റെ നേതൃത്വത്തിലുള്ള യു.കെ.കെ.സി.എ.യുടെ നവ സാരഥികൾക്ക് ചടങ്ങിൽ സ്വീകരണം ഒരുക്കും. അസോസിയേഷന്റെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഉദ്ഘാടനവും നിർവ്വഹിക്കുന്നതാണ്. വിവിധ കലാപരിപാടികൾക്ക് പുറമെ സ്റ്റീഫൻ ക്രോയിഡോന്റെ ഗാനമേളയും ഉണ്ടായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു.

# ബ്രിസ്റ്റോളിൽ വിശുദ്ധവാര തിരുകർമ്മങ്ങൾ

ബ്രിസ്റ്റോൾ: സെന്റ് സ്റ്റീഫൻ ക്നാനായ പള്ളിയിൽ ദു:ഖവെള്ളി, ഉയിർപ്പ് ശുശ്രൂഷകൾക്ക് ഫാ.സജി ഏബ്രഹാം കൊച്ചേത്ത് മുഖ്യ കാർമികത്വം വഹിക്കും. ദു:ഖവെള്ളി ശുശ്രൂഷകൾ ഏപ്രിൽ ആറിന് രാവിലെ ഒൻപതിന് ആരംഭിക്കും. ഉയർപ്പിന്റെ ശുശ്രൂക്ഷകൾ ശനിയാഴ്ച വൈകുന്നേരം നാലിന് നടക്കും.

## ക്നാനായ വോയ്സ്

ഇ–പേപ്പറിനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ താഴെക്കാണുന്ന ഇമെയിൽ അഡ്രസ്സിലേക്ക് എഴുതി അറിയിക്കുക.

news@knanayavoice.com
kvoicenews@gmail.com






# നിര്യാതരായി



നീണ്ടൂർ: മുകളേൽ ആന്റണിയുടെ ഭാര്യ അന്നമ്മ (82) നിര്യാതയായി. സംസ്കാരം പിന്നീട്. പരേത കുറുമുള്ളൂർ തേനാകരകളപ്പുരയിൽ കുടുംബാംഗമാണ്. മക്കൾ: മേരിക്കുട്ടി, സിസ്റ്റർ ലീമ എസ്.ജെ.സി (കാത്തലിക് മിഷൻ പ്രസ്, കോട്ടയം), അവറാച്ചൻ (മാലക്കല്ല്), ജോബൻ (യു.കെ). മരുമക്കൾ: ഫ്രാൻസിസ് കണ്ടത്തിൽ കൈപ്പുഴ, സാലി പള്ളിക്കുന്നേൽ ഉഴവൂർ, ലലി കുടിലിൽ കൈപ്പുഴ (യു.കെ). സഹോദരങ്ങൾ: പരേതരായ തോമസ്, തമ്പി, ജോസഫ്.

ഇരവിപേരൂർ:കാവുമ്പാട്ട് ചെള്ളേട്ട് സി.എ. ജോസ് (62) അന്തരിച്ചു. ഭാര്യ: ഐത്തല പുന്നവേലി തുണ്ടിയിൽ അമ്മുക്കുട്ടി. മക്കൾ: ജോബി (എൻജിനിയറിങ് കോളേജ്, കല്ലൂപ്പാറ), ജിബി. മരുമക്കൾ: മിനി, ജോളി ജോസഫ്. ശവസംസ്കാരം കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിൽ ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളി സെമിത്തേരിയിൽ നടത്തി.

രാമമംഗലം: പുളിയൻകാട്ടിൽ യോഹന്നാൻ (71) നിര്യാതനായി. സംസ്ക്കാരം സെന്റ് മേരീസ് ക്നാനായ കത്തോലിക്ക് പള്ളി സെമിത്തേരിയിൽ നടത്തി. ഭാര്യ: അന്നക്കുട്ടി രാമമംഗലം പുളിക്കൽ കുടുംബാംഗമാണ്. മക്കൾ: ഷൈനി, സ്മിത (രണ്ടു പേരും ഓസ്ട്രേലിയ), ഷിജു. മരുമക്കൾ: സണ്ണി കടവിൽ രാമമംഗലം, ജയിംസ് കൈപ്പള്ളിക്കുന്നത്ത് രാമമംഗലം, ഗ്രീഷ്മ തുരുത്തേൽ രാമമംഗലം.

താമരക്കാട്: കൂവത്തടത്തിൽ അബ്രാഹം കുരുവിള (53) അന്തരിച്ചു. ഭാര്യ: ലിസി കരിനാട്ടിൽ പിറവം. മകൻ: ജൂബിൻ. ശവസംസ്കാരം താമരക്കാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളി സെമിത്തേരിയിൽ നടത്തി.



ബെൽജിയം: ക്രിസ്തു ദാസി സന്യാസി സമുഹാംഗം കൂടല്ലൂർ ഞെള്ള ങ്ങനാട്ടിൽ സിസ്റ്റർ മെറ്റിൽഡ (95) ബെൽജിയത്തിൽ നിര്യാതയായി. പരേതരായ ജോൺ, ചാക്കോ ഞെള്ളങ്ങനാട്ടിൽ എന്നിവർ സഹോദരങ്ങളാണ്. സംസ്കാരം ബെൽജിയത്തിൽ നടക്കും.



സംക്രാന്തി: സെന്റ് ജോസഫ് സമൂഹാംഗമായ സിസ്റ്റർ അൽഫോൻസാമ്മ (81) നിര്യാതയായി. സംസ്കാരം കോട്ടയം അതിരൂപത മെത്രാപോലീത്ത മാർ മാത്യു മൂലക്കാട്ടിന്റെ മുഖ്യ കാർമികത്വത്തിൽ മഠം സെമിത്തേരിയിൽ നടത്തി. പരേത സംക്രാന്തി പൂഴിക്കുന്നേൽ കുരുവിള-ചാച്ചി ദമ്പതികളുടെ മകളാണ്. മത്തച്ചൻ, ചാക്കോ, തോമസ്, മാണി, സൈമൺ, പരേതരായ ഉപ്പച്ചൻ, നൈത്തി പാറേട്ട്, ഏലി മാക്കിൽ, ചാച്ചി പുക്രയിൽ എന്നിവർ സഹോദരങ്ങൾ ആണ്.

ഏറ്റുമാനൂർ, അരീക്കര, ഇരവിമംഗലം, കടുത്തുരുത്തി, ചുള്ളിക്കര, ചെറുകര, നീണ്ടൂർ, കാരിത്താസ്, വെള്ളൂർ, പുതുവേലി, ചുള്ളിയോട്, ഉടയംചാൽ, എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.



കുറുപ്പന്തറ: കണ്ടാരപ്പള്ളിൽ (വട ക്കേപ്പറമ്പിൽ) പരേതനായ കുഞ്ഞേപ്പിന്റെ ഭാര്യ അന്നാമ്മ (87) നിര്യാതയായി. സംസ്കാരം കുറുപ്പന്തറ സെന്റ് തോമസ് പള്ളിയിൽ നടത്തി. പരേത റാന്നി പുതുപ്പറമ്പിൽ കുടും ബാംഗം. മക്കൾ: ഫിലിപ്പ് (ജർമനി), വൽസ പാറേട്ട്, ജോയി, പരേതനായ ബേബി, ലൈല, ജെസി, ടോമി, ജയിംസ്. മരുമക്കൾ: സിൻഡ്രെല്ല മാക്കീൽ (കല്ലറ), ജോസഫ് പാറേട്ട് (മാഞ്ഞൂർ), എൽസമ്മ ഇല്ലിക്കുന്നുംപുറത്ത് (തൊടുപുഴ), ജോയ് തോമസ് പുല്ലാനപ്പള്ളിൽ (ജൂബിലി പിക്ചേഴ്സ്), ജോൺ തോട്ടപ്ലാക്കിൽ (കുറവിലങ്ങാട്), ജെസി ചെറുമൂഴി (റാന്നി), സുജ മൈലാടിയിൽ (പേരൂർ).



നീണ്ടൂർ: ആയിരവേലിൽ പരേതനായ ഏബ്രഹാമിന്റെ മകൻ ഷാജി (പറുദീസ ടെക്സ്റ്റൈൽസ്-45) നിര്യാതനായി. സംസ്ക്കാരം സെന്റ് മൈക്കിൾസ് പള്ളിയിൽ നടത്തി. മാതാവ്: ചാച്ചിക്കുട്ടി. ഭാര്യ: മിനി പൂവത്തിങ്കൽ (ചേർപ്പുങ്കൽ). മക്കൾ: എബി, അലീന. സഹോദരങ്ങൾ: ഷൈനി അശോക്, റോയി ഏബ്രാഹം, തോമസ് ഏബ്രാഹം.

റാന്നി:ഇടക്കുളം തോമ്പുമണ്ണിൽ പരേതനായ ചാണ്ടി മാത്യുവിന്റെ ഭാര്യ ഏലിയാമ്മ (തങ്കമ്മ-84) നിര്യാതയായി. സംസ്കാരം ഇടക്കുളം സെന്റ് തോമസ് ക്നാനായ പള്ളി സെമിത്തേരിയൽ നടത്തി. റാന്നി മഴവഞ്ചേരിൽ കുടുംബാംഗമാണ്. മക്കൾ: രാജു, റോസമ്മ, പരേതരായ ലീലാമ്മ, ടി. എം. ചാണ്ടി. മരുമക്കൾ: ബേബി മേപ്രത്ത്, തങ്കമ്മ, മോനമ്മ, പണമെടുത്തതിൽ തമ്പി.

## ഒന്നാം ചരമ വാർഷികം



### മാണി നെടിയകാലായിൽ

മാർച്ച് 28, 2012

സന്തപ്ത കുടുംബാംഗങ്ങൾ

## രണ്ടാം ചരമ വാർഷികം



### തോമസ് പൂഴിക്കാലാ

(കാഥികൻ)

മാർച്ച് 29 2012

സന്തപ്ത കുടുംബാംഗങ്ങൾ

മൈലാഞ്ചി, ചന്തംചാർത്ത്, വിവാഹം, സമ്മേളനങ്ങൾ, കൺവൻഷനുകൾ, പ്രിയപ്പെട്ടവരുടെ വേർപാട് ഇവ ക്നാനായവോയ്സ്.കോം–ൽ തൽസമയം കാണുവാൻ

ബന്ധപ്പെടുക

യു.എസ്.എ: 7732342685, ഇന്ത്യ: 9447475735, യു.കെ.: 07861739053, ഓഷ്യാന: +61422435158, ഗൾഫ്: +971506845644






# ഉഴവൂർ കോളേജിൽ യുജിസി സ്പോൺസേർഡ് ദേശീയതല ദ്വിദിന സെമിനാർ നടത്തി



ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിലെ കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'ഇൻസുലേഷൻ ഓഫ് ഇന്ത്യൻ ഇക്കോണമി ഫ്രം ഗ്ലോബൽ ഫിനാൻഷ്യൽ ക്രൈസിസ്' എന്ന വിഷയത്തിൽ മാർച്ച് 20, 21 തീയതികളിൽ ദേശീയതല സെമിനാർ നടന്നു. യുജിസിയുടെ ധനസഹായത്തോടെ കൊമേഴ്സ് അസോസിയേഷൻ ഓഫ് കേരളയും എം.ജി. യൂണിവേഴ്സിറ്റിയും സംയുക്തമായാണ് ഈ സെമിനാർ സംഘടിപ്പിച്ചത്. ഉദ്ഘാടനം എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. രാജൻ ഗുരുക്കൾ നിർവ്വഹിച്ചു. ഫെഡറൽ ബാങ്ക് ചീഫ് മാനേജർ ശ്രീ. പോൾ റ്റി. ജി. മുഖ്യ പ്രഭാഷണം നടത്തി. ഉദ്ഘാടന സമ്മേളനത്തിൽ കോളേജ് പ്രിൻസിപ്പൽ ഡോ. ഫ്രാൻസിസ് സിറിയക്, വൈസ് പ്രിൻസിപ്പൽ ഡോ. ജോസ് വി.എസ്., സിൻഡിക്കേറ്റ് മെമ്പർ ഡോ. സി.വി. തോമസ്, കൊമേഴ്സ് അസോസിയേഷൻ സ്ഥാപക സെക്രട്ടറിയും കോളേജിന്റെ മുൻ പ്രിൻസിപ്പലും ആയ ഡോ. സ്റ്റീഫൻ എ. എന്നിവർ പ്രസംഗിച്ചു.

എം.ജി. യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. വി. മാത്യു കുര്യൻ കേരള യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ഡോ. ഗബ്രിയേൽ സൈമൺ തട്ടിൽ, നിർമ്മല കോളേജ് മൂവാറ്റുപുഴയിലെ ഡോ. ഗിരീഷ്കുമാർ ജി.എസ്. എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തി. വിവിധ കോളേജുകളിൽ നിന്നെത്തിയ അദ്ധ്യാപകരും വിദ്യാർത്ഥികളും പതിനഞ്ചോളം പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പ്രബന്ധ അവതരണത്തിന് കോട്ടയം സി.എം. എസ്. കോളേജിലെ ഡോ. റ്റോമി മാത്യു, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരിയിലെ ഡോ. റെജി എം. എ., ഡോ. സ്റ്റീഫൻ എ. എന്നിവർ നേതൃത്വം നൽകി.

